രജിസ്ട്രേഷനും നിശ്ചയിച്ചിട്ടുള്ള ഫീസ് വിവരം ഓഫീസുകളിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സബ് രജിസ്ട്രാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ രജിസ്ട്രേഷൻ ഫീസ് പട്ടികയുടെ പ്രസക്ത ഭാഗം പ്രദർശിപ്പിക്കണമെന്ന് രജിസ്ട്രേഷൻ മാന്വൽ പാർട്ട് II, വാല്യം I-ലെ ഓർഡർ നമ്പർ 891 (സി)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, മുദ്രവില എന്നിവ സംബന്ധിച്ച വിവരം പൊതുജനങ്ങളുടെ അറിവിലേയ്ക്കായി രജിസ്ട്രേഷൻ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaregistration.gov.in -ൽ ലഭ്യമാക്കിയിട്ടുമുണ്ട്.

(ബി) ആധാരമെഴുത്തുകാരുടെ സേവനം ഏകീകരിക്കുന്നതിന് ആധാരമെഴുത്തുകാർക്ക് നൽകേണ്ട ഫീസ് സംബന്ധിച്ച് വ്യക്തത വരുത്തുമോ?

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 29/08/2009-ലെ L1/15679/2009 നമ്പർ വിജ്ഞാപനം പ്രകാരം ആധാരം എഴുത്തുകാർക്ക് നൽകേണ്ട ഫീസ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ടി ഫീസ് പട്ടിക എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ ആയത് രജിസ്ട്രേഷൻ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിലും ലഭ്യമാണ്. ആധാരമെഴുത്ത് ഫീസ് പട്ടിക എല്ലാ ആധാരമെഴുത്ത് ഓഫീസിലും പൊതുജനങ്ങൾക്ക് കാണാവുന്ന രീതിയിൽ മലയാളത്തിൽ പ്രദർശിപ്പിക്കേണ്ടതാണെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ 23/09/1983-ലെ എം1-29765/83 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(സി) വസ്തു കൈമാറ്റത്തിന് ഭൂമിയുടെ ന്യായവില അടിസ്ഥാനമാക്കി രജിസ്ട്രേഷൻ നടപടികൾ നടത്തുന്നതിനാവശ്യമായ ഇടപെടലുകൾ സാധ്യമാണോ എന്ന് പരിശോധിക്കുമോ; വ്യക്തമാക്കുമോ?

ന്യായവിലയോ, വസ്തുവിന്റെ യഥാർത്ഥ വില/പ്രതിഫലം ഏതാണോ കൂടുതൽ അതിന് മുദ്രവില ചുമത്തുന്നതിനാണ് കേരള മുദ്രപത്ര ആക്ടിൽ വ്യവസ്ഥയുള്ളത്. വസ്തു കൈമാറ്റത്തിന് ഭൂമിയുടെ ന്യായവില അടിസ്ഥാനമാക്കി മാത്രം രജിസ്ട്രേഷൻ നടപടികൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തന്നെ സർക്കാരിന്റെ പരിഗണനയിലില്ല.

കാഞ്ഞിരംകുളം സബ്രജിസ്ട്രാർ ഓഫീസ്

268 (3700) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഓഫീസ് മന്ദിരത്തിന്റെ ഉദ്ഘാടനം കഴിഞ്ഞ് പത്ത് മാസമായിട്ടും കാഞ്ഞിരംകുളം സബ്രജിസ്ട്രാർ ഓഫീസിന്റെ പ്രവർത്തനം വാടക കെട്ടിടത്തിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓഫീസ് അടിയന്തരമായി പുതിയ മന്ദിരത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

കാഞ്ഞിരംകുളം സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിടത്തിൽ കോംപാക്ട് റാക്കുകൾ സ്ഥാപിക്കേണ്ടതായും, വൈദ്യുതി കണക്ഷൻ ലഭ്യമാക്കേണ്ടതായുമുണ്ട്. കൂടാതെ പുതിയ കെട്ടിടത്തിലേയ്ക്ക് ഓഫീസിന്റെ പ്രവർത്തനം മാറ്റുന്നതിനായി ഓഫീസിലെ ആധാര പകർപ്പുകൾ ഉൾപ്പെടുന്ന വാല്യങ്ങളും ഫർണിച്ചറുകളും, കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും മാറ്റേണ്ടതായിട്ടുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വയനാട് ജില്ല രജിസ്ട്രാർ ഓഫീസ്

269 (3701) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ജില്ല രജിസ്ട്രാർ ഓഫീസ് നിലവിൽ വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) എങ്കിൽ എത്ര തുക പ്രതിമാസം വാടകയിനത്തിൽ ചെലവാകുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

01-1-2015 മുതൽ 15,840 (പതിനയ്യായിരത്തി എണ്ണൂറ്റി നാൽപ്പത്) രൂപ നിരക്കിൽ വാടക പുതുക്കി നിശ്ചയിച്ചിട്ടുണ്ടെങ്കിലും വാടക കരാർ രജിസ്റ്റർ ചെയ്യാത്തതിനാൽ പുതുക്കിയ വാടക നൽകിയിട്ടില്ല.

(സി) രജിസ്ട്രേഷൻ വകുപ്പിന് വയനാട് ജില്ലയിൽ എവിടെയെങ്കിലും സ്വന്തമായി ഭൂമിയുണ്ടോ?

മാനന്തവാടി, വെള്ളമുണ്ട, വൈത്തിരി, സുൽത്താൻബത്തേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകൾ പ്രവർത്തിക്കുന്നത് വകുപ്പിന്റെ സ്വന്തം സ്ഥലത്താണ്.

(ഡി) സ്വന്തം സ്ഥലത്ത് രജിസ്ട്രാർ ഓഫീസ് കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

വർക്കല സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

270 (3702) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ:

LIBRARY ARCHIVES Kerala Legislative Assembly